പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 5487 | 04.07.2013 ലെ മറുപടിയ്ക്ക്

**മലമ്പുഴ ഡാമിൽ അനധികൃത മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. എം.ഹംസ | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) മലമ്പുഴ ഡാമിൽ നഞ്ച് കലക്കിയും, വൈദ്യുതി ഷോക്ക് നൽകിയുമുള്ള അനധികൃത മത്സ്യബന്ധനം നടത്തി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി) ജില്ലയിൽ പലയിടത്തും കുടിവെള്ളമെത്തിക്കുന്ന ഡാമിൽ നഞ്ച് കലക്കിയുള്ള മീൻപിടിത്തം വൻദുരന്തത്തിന് കാരണമാകുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഉണ്ടെങ്കിൽ അത് തടയുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | എ)<br>&<br>ബി) | മലമ്പുഴ ഡാമിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുമതി വാങ്ങിയിട്ടുള്ള മത്സ്യത്തൊഴിലാളികൾ വല മാത്രമാണ് മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നത്. നഞ്ചു കലക്കിയിട്ടുള്ള അനധികൃത മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>വൈദ്യുതി ഷോക്ക് നൽകിയിട്ടുള്ള അനധികൃത മത്സ്യബന്ധനം 2011ൽ ഒരു തവണ ശ്രദ്ധയിൽ വരികയും അന്വേഷണത്തിന് പോലീസിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട് അതിന് ശേഷം വൈദ്യുതി ഷോക്ക് ഉപയോഗിച്ചിട്ടുള്ള മത്സ്യ ബന്ധനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ